(എൽ) ഉണ്ട്.

(എം) പുതിയതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന യന്ത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(എൻ) ഇതിനുവേണ്ടി 1999-2000 വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകം തുകയൊന്നും വകയിരുത്തിയിട്ടില്ല.

കേരള വിദ്യാഭ്യാസ നിയമപരിഷ്ക്കരണ സമിതിയുടെ പ്രവർത്തനം

21 (2001) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യാഭ്യാസനിയമം കെ. ഇ. ആർ. പരിഷ്ക്കരിക്കുന്നതിന് നിയമിച്ച കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പരിഷ്ക്കരിച്ച കെ.ഇ.ആർ. എപ്പോൾ നിലവിൽ വരുന്നതാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ,ബി&സി) കെ.ഇ.ആർ. പരിഷ്ക്കരണ കമ്മിറ്റിയുടെ പ്രവർത്തനം അതിന്റെ അന്തിമഘട്ടത്തിലാണ് മാർച്ച് 31-ന് മുമ്പ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും. കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് വിശദമായി പഠിച്ച് ആവശ്യമായ നിയമനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

സ്കൂളുകളുടെ സുഗമമായ നടത്തിപ്പിന് നടപടി

22 (2002) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് 37-ാം വാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയം സർക്കാരിന് സമർപ്പിച്ചുവോ ;

(ബി) പ്രമേയം രണ്ടിൽ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച വിശദമായ പരിശോധന നടത്തിയോ ;

(സി) സ്കൂൾ വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങളും അദ്ധ്യാപക സഹായികളും ലഭ്യമാക്കാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) ഇതിന്റെ പുരോഗതി ജനങ്ങളെ അറിയിക്കാൻ സംവിധാനം ഉണ്ടാക്കുമോ ;

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്കൂൾ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരുടെ എല്ലാ ഒഴിവുകളും നികത്തുവാനും പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലും പട്ടികജാതി കോളനി മേഖലയിലെ സ്കൂളുകളിലും ഒറ്റപ്പെട്ട ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകളിലും അദ്ധ്യാപകരില്ലെങ്കിൽ അവ പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഏതെങ്കിലും കാരണവശാൽ അദ്ധ്യാപക തസ്തികകൾ ഒഴിവ് വന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ താൽക്കാലികമായി അദ്ധ്യാപക നിയമനം നടത്താൻ ഹെഡ്മാസ്റ്റർക്ക് അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ജി) ക്ലാസ് മുറികളിൽ പുതിയ പാഠ്യപദ്ധതി വിജയകരമായി പ്രയോഗിക്കുന്നതിന് അദ്ധ്യാപകർക്ക് മധ്യവേനലവധികാലത്ത് തന്നെ പരിശീലനം നൽകാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എച്ച്) വിദ്യാലയങ്ങളിൽ ചിട്ടയായ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന വിഷയം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ 37-ാം വാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചു.

(സി) ഓരോ ക്ലാസ്സിലേയ്ക്കും ആവശ്യമായ അദ്ധ്യാപക സഹായികളും അടുത്ത അദ്ധ്യയന വർഷം മുതൽ പാഠപുസ്തകങ്ങളോടൊപ്പം ജില്ലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോകൾ വഴി വിതരണം ചെയ്യണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ഓരോ ജില്ലയ്ക്കും ആവശ്യമുള്ള അദ്ധ്യാപക സഹായികളുടെ എണ്ണം കണക്കാക്കുകയും അവ കൃത്യമായി അതാതു ഡിപ്പോകളിൽ എത്തിച്ച് വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പാഠപുസ്തക വിതരണം വർഷാരംഭത്തിൽ തന്നെ നടത്താൻ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി ആരംഭിച്ചു കഴിഞ്ഞു.

(ഡി) ഓരോ ജില്ലാ ബുക്ക് ഡിപ്പോയിലും സ്റ്റോക്ക് ഉള്ള പുസ്തകങ്ങളുടെ വിവരം ആളുകൾക്ക് മനസ്സിലാക്കാൻ സാധിക്കുന്ന വിധം എഴുതി പ്രദർശിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഒഴിവുള്ള തസ്തികകൾ നികത്തുന്നതാണ്.

(എഫ്) നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ജി) അദ്ധ്യാപകരെ പരിശീലിപ്പിക്കേണ്ടവരെ കണ്ടെത്തുന്നതിനും സംസ്ഥാനതല പരിശീലനം നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ട്.

(എച്ച്) തൽക്കാലം പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly